**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ആഭിമുഖ്യത്തിൽ കേരള സർക്കാരിനുവേണ്ടി തയ്യാറാക്കുന്ന കരടു പരിസ്ഥിതി നയത്തിന്റെ രേഖ വിപുലമായ ചർച്ചകൾക്കും പ്രതികരണങ്ങൾക്കുമായി പ്രസിദ്ധീകരിക്കുന്നു. ഇടപെടുമല്ലോ.**

# പരിസ്ഥിതി നയം 2007

(കഴിഞ്ഞലക്കം തുടർച്ച)

**5. പ്രവർത്തനോപാധികളും ഏജൻസികളും**

5.1 പ്രവർത്തനത്തിനുള്ള ഉപാധികൾ :

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി

- എല്ലാ പദ്ധതികളുടെ ആസൂത്രണ ഘട്ടത്തിൽ തന്നെ അതിനു നൽകേണ്ടി വരുന്ന വിലയും ലഭിക്കുന്ന പ്രയോജനങ്ങളും കണക്കിലെടുത്ത് പാരിസ്ഥിതിക പ്രത്യാഘാതവിലയിരുത്തൽ നടത്തുക. പരിസ്ഥിതി സംരക്ഷണത്തിനും പുനരുജ്ജീവനത്തിനും ആവശ്യമായി വരുന്ന ചെലവ് പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തുക.
- എല്ലാ കണക്കുകളും വിവരങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുക
- പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ നടപ്പാക്കുന്ന എല്ലാ പദ്ധതികൾക്കും എൺവയോൺമെന്റൽ ക്ലിയറൻസ് നിർബന്ധമാക്കുക
- കൃഷി, ജലവിഭവവികസനം, മൃഗസംരക്ഷണം, ഫിഷറീസ്, വ്യവസായം, ഖനനം - പാറ പൊട്ടി ക്കൽ, മിനറൽ എക്സ്ട്രാക്ഷൻ, സംസ്ക്കരണം, ഊർജ്ജം, വനവൽക്കരണം, വിനോദ സഞ്ചാരം, ഗതാഗതം, മനുഷ്യവാസകേന്ദ്രങ്ങൾ തുടങ്ങിയ മേഖലകളിലെ ഓരോ പ്രോജക്ടും നടപ്പാക്കുമ്പോൾ അതിന്റെ നയം, ആസൂത്രണം, സ്ഥലം തെരഞ്ഞെടുക്കൽ, സാങ്കേതിക വിദ്യ എന്നിവയുടെ കാര്യത്തിൽ പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്നതിന് അനുയോജ്യമായ നിയമ സുരക്ഷാ സംവിധാനത്തിന് രൂപം നൽകുക.
- പരിസ്ഥിതി സൗഹൃദ സാങ്കേതിക വിദ്യകൾ സംബന്ധിച്ച ഗവേഷണം, വികസനം, വ്യാപനം, പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനും വിന്യാസത്തിനും ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള സംരംഭങ്ങൾ അവയെ പ്രോത്സാഹിപ്പിക്കുക.
- പരിസ്ഥിതി ദുർബല പ്രദേശങ്ങൾ കണ്ടെത്തി വിജ്ഞാപനം ചെയ്യുക.
- വികസന പ്രവർത്തനങ്ങളുടെ ആസൂത്രണം, നിർവ്വഹണം എന്നിവയിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച ജനങ്ങളുടെ ആശങ്കകൾ തേടുക, അവ ഉൾക്കൊള്ളുക.
- പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾ പ്രചരിപ്പിക്കുന്നതിനും പ്രകൃതി സൗഹൃദ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ഇകോമാർക്, ഇക്കോലേബലിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തുക.
- ആവാസവ്യവസ്ഥയുടെ നിലനിൽപ്പും മനുഷ്യശേഷി വികസനവും ലക്ഷ്യമാക്കി സമൂഹത്തിൽ പാരിസ്ഥിതിക അവബോധം വളർത്തുക.
- പുഴയിലെ മണൽ, തടി തുടങ്ങിയവയ്ക്ക് പകരം ഉപയോഗിക്കാവുന്ന വസ്തുക്കൾ വഴി വ്യാവസായിക ഉല്പന്നങ്ങളിൽ പ്രകൃതി വിഭവങ്ങളുടെ അമിത ഉപഭോഗം കുറയ്ക്കുന്നതിനും അനാവശ്യമായ ധൂർത്ത് ഒഴിവാക്കുന്നതിനും പാഴ് വസ്തു ക്കൾ പുനഃചംക്രമണം ചെയ്യുന്നതിനും പ്രേരണ ചെലുത്തുക.
- പരിസ്ഥിതിയുടെ സുസ്ഥിരതയ്ക്ക് സഹായക മായ വിധം ലളിതമായി ജീവിതരീതി സ്വീകരിക്കു ന്നതിന് ആവശ്യമായ നയം രൂപീകരിക്കുകയും അക്കാര്യത്തിൽ മാതൃക കാട്ടുന്നവരെ അംഗീകരിച്ച് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- പരിസ്ഥിതി പരിപാലനത്തിന് അനുയോജ്യമായ സംഘടനാ സംവിധാനം രൂപപ്പെടുത്തുകയും ആ മേഖലയിൽ വൈദഗ്ദ്ധ്യം നേടിയവരുടെ മാനവശേഷി സമാഹരിക്കുകയും ചെയ്യുക.
- പരിസ്ഥിതി സംരക്ഷണത്തിനായി രൂപപ്പെടുത്തിയിട്ടുള്ള എല്ലാ നിയമങ്ങളും ചട്ടങ്ങളും നിയന്ത്രണങ്ങളും ഫലപ്രദമായി നടപ്പാക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുക.
- പരിസ്ഥിതി നയത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി രൂപം നൽകിയിരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ചുമതലപ്പെട്ട ഏജൻസികൾ താഴെപ്പറയുന്ന വയാണ്.

5.2.1 പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനും സമ്പന്നമാക്കുന്നതിനുമുള്ള പ്രഥമ ഏജൻസി കേരളത്തിലെ സാധാരണ ജനങ്ങളാണ്. ഓരോ കുടുംബവും താഴെപ്പറയുന്ന കാര്യങ്ങൾ തങ്ങളുടെ കടമയും ദൗത്യവുമായി ഏറ്റെടുക്കണം.

i) നമ്മുടെ ആവാസ വ്യവസ്ഥയുടെ നിലനിൽപ്പും മനുഷ്യപുരോഗതിയും സംബന്ധിച്ച അവബോധം ഓരോ കുടുംബവും സ്വയം വളർത്തിയെടുക്കുക. അയൽക്കാരിൽ അവബോധം സൃഷ്ടിക്കാൻ ശ്രമിക്കുക.

ii) അനാവശ്യമായ ഉപഭോഗം കുറച്ചും പാഴ്വസ്തുക്കൾ പുനഃചംക്രമണം ചെയ്ത് പ്രയോജനപ്പെടുത്തിയും അമൂല്യവും ദുർലഭവുമായ പ്രകൃതി വിഭവങ്ങൾക്കുപകരം ഉപയോഗിക്കാവുന്ന സുലഭമായ വസ്തുക്കൾ പ്രയോജനപ്പെടുത്തിയും ഊർജ്ജം ലാഭിച്ചും പച്ചില വളങ്ങൾ പരമാവധി ഉല്പാദിപ്പിച്ചും പ്രകൃതി വിഭവങ്ങൾക്കു മേലുള്ള കടുത്ത സമ്മർദ്ദം ലഘൂകരിക്കുക.

iii) വെള്ളം ഒഴുകിപ്പോകുന്നതു തടഞ്ഞും വീഴുന്നിടത്തു തന്നെ സംഭരിച്ചും പുനഃചംക്രമണം ചെയ്തും ഉപയോഗത്തിനനുസരിച്ച് ഗുണനിലവാരം ഉയർത്തിയും വെള്ളത്തിന്റെ അളവും ഗുണവും വർദ്ധിപ്പിക്കുക.

iv) അയൽക്കാരുമായി സഹകരിച്ച് ബയോ ഗ്യാസ്

പ്ലാന്റുകൾ, മണ്ണിര കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, അടുക്കള തോട്ടങ്ങൾ തുടങ്ങിയവ സ്ഥാപിച്ചും കൃഷിയെ കന്നുകാലിവളർത്തലുമായി സംയോജിപ്പിച്ചും ചെലവ് പരമാവധി കുറച്ചും ലാഭം വർദ്ധിപ്പിച്ചും പരിസ്ഥിതിയെ സംരക്ഷിക്കുക, സമ്പുഷ്ടമാക്കുക.

v) പരിസ്ഥിതിയുമായി ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തിക്കുന്ന വകുപ്പുകളുടെ പ്രവർത്തനം ഗവൺമെന്റ് പുനർനിർവചിക്കുകയും പരിഷ്ക്കരിക്കുകയും ചെയ്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലാക്കി ജനങ്ങളോട് ഉത്തരവാദിത്തവും സുതാര്യതയും ഉറപ്പുവരുത്തും.

vi) പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച നിയമങ്ങളും ചട്ടങ്ങളും ഗവൺമെന്റ് കാലോചിതമായി പരിഷ്ക്കരിച്ച് അവയെ കൂടുതൽ പ്രയോഗക്ഷമ മാക്കും.

vii) പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വിനാശകരമായ സംരംഭങ്ങളെ ശിക്ഷിക്കുന്നതിനും നിലവിലുള്ള നിയമങ്ങളും നടപടി ക്രമങ്ങളും നടപ്പിലാക്കുന്നു എന്ന് സർക്കാർ ഉറപ്പുവരുത്തും. ആവശ്യമെങ്കിൽ പുതിയ നിയമങ്ങൾ നിർമ്മിക്കും.

5.2.2 ജനജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പരമാവധി ശക്തിപ്പെടുത്തുന്നതിനും ക്രമേണ ഭരണ, നിയന്ത്രണാധികാരങ്ങൾ കൈമാറുന്നതിനും ഈ നയം വിഭാവനം ചെയ്യുന്നു. ഇക്കാര്യത്തിൽ ഇതുവരെ നാം കൈവരിച്ച നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ പരിസ്ഥിതി നയം നടപ്പാക്കാൻ ചുമതലപ്പെട്ട ഏജൻസി എന്ന നിലയിൽ പഞ്ചായത്തുകളുടെ ദൗത്യം താഴെപ്പറയുന്നവയാണ്.

5.2.2.1 ഗ്രാമപഞ്ചായത്തുകൾ : മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജനസംഖ്യയിലും ഭൂവിസ്തൃതിയിലും നമ്മുടെ ഗ്രാമ പഞ്ചായത്തുകൾ വലിപ്പമേറിയവ യാണ്. പഞ്ചായത്തിലെ ജനസംഖ്യ ശരാശരി 20,000 ആണ്. അതുകൊണ്ടുതന്നെ വാർഡ് തലത്തിലോ അതിലും ചെറിയ രൂപത്തിലോ ജനകീയ കൂട്ടായ്മ കൾക്ക് രൂപം നൽകണം. നീർത്തടാടിസ്ഥാനത്തിൽ അത്തരം കർമസമിതികൾക്ക് രൂപം നൽകിയാൽ പാരിസ്ഥിതികമായി അത് അർത്ഥപൂർണമായ ഒരു കൂട്ടായ്മയായി മാറും. മണ്ണു സംരക്ഷണം, മണ്ണൊലിപ്പു തടയൽ, മണ്ണിന്റെ സമ്പുഷ്ടി നിരീക്ഷി ക്കൽ, ഭൂപ്രകൃതിയ്ക്കനുസൃതമായ കൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ കൃഷിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറും. നീർത്തടാടിസ്ഥാനത്തിൽ അവ ക്രമീകരിച്ച് മേൽപ്പറഞ്ഞ സംഘടനാ സംവിധാനം വഴി അത്തരം പ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് പ്രാവർത്തികമാക്കും.

5.2.2.2 ബ്ളോക്ക്, ജില്ലാ പഞ്ചായത്തുകൾ

i) പരമാവധി സാമ്പത്തിക നേട്ടം ലക്ഷ്യമാക്കി പ്രവർത്തിക്കുമ്പോഴുണ്ടാകുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും അവരുടെ കാഴ്ചപ്പാടിലും മനോഭാവത്തിലും മാറ്റം സൃഷ്ടിക്കുന്നതിനുമുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, ബ്ളോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പ്രാഥമിക ഉത്തരവാദിത്വത്തിൽപ്പെടുന്നു.

ii) ബയോഗ്യാസ് പ്ലാന്റ്, മിനി - മൈക്രോ ഹൈഡൽ പദ്ധതികൾ, സൗരോർജ്ജ സംരക്ഷണം, കാറ്റിൽ നിന്നുള്ള ഊർജ്ജോല്പാദനം, പുതുക്കാവുന്ന ഊർജ്ജസ്രോതസ്സുകളുടെ വിപുലീകരണം, വിറകിനുള്ള മരങ്ങൾ നട്ടുപിടിപ്പിക്കൽ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളുടെ ഏകോപന ചുമതല ഈ പഞ്ചായത്തുകൾക്കായിരിക്കും.

iii) തീറ്റപ്പുൽ ഉല്പാദനം, കൃഷിക്കുള്ള നടീൽ വസ്തുക്കളുടെ വ്യാപനം എന്നിവ വഴി കാലിത്തീറ്റയിൽ സ്വയം പര്യാപ്തത നേടുന്ന പ്രവർത്തനങ്ങളുടെ നിർവഹണ ചുമതലയും ഈ തലത്തിലുള്ള പഞ്ചായത്തുകൾക്കായിരിക്കും.

iv) ഗ്രാമ പഞ്ചായത്തുകളും അടിത്തട്ടിലുള്ള സംഘങ്ങളും ഏറ്റെടുക്കുന്ന പദ്ധതികൾ വിജയകരമായി പൂർത്തീകരിക്കാൻ ബ്ളോക്ക് ജില്ലാ പഞ്ചായത്തുകൾ പിന്തുണ നൽകുകയും സഹായിക്കുകയും ചെയ്യും. അതുവഴി അവ പരമാവധി പ്രയോജനപ്രദമാക്കാൻ കഴിയും.

v) ജനങ്ങളുടെ നിത്യജീവിതത്തിന് ആവശ്യമുള്ളതും ലാഭാധിഷ്ഠിതമായ വ്യവസായങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ദുർലഭമായ വിഭവങ്ങൾ പരിസ്ഥിതി പരിപോഷണത്തിന് അനുഗുണമായ രീതിയിൽ സംതുലനം ചെയ്യുന്നതിന് ജില്ലാ ബ്ളോക്ക് പഞ്ചായത്തുകൾ ചുമതലപ്പെട്ടിരിക്കുന്നു.

vi) സർക്കാർ ഭൂമിയിലോ സമൂഹം പഞ്ചായത്തിന് കൈമാറിയ ഭൂമിയിലോ പരിസ്ഥിതി സൗഹൃദ സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. തീറ്റപ്പുല്ല്, വിറകിനുള്ള മരങ്ങൾ, പച്ചക്കറികൾ, മറ്റ് ഉപഭോഗ വസ്തുക്കൾ എന്നിവ കൃഷി ചെയ്തും വില്പന നടത്തിയും കാറ്റ്, മണ്ണൊലിപ്പ് തുടങ്ങിയ തടയുന്നതിനുള്ള ചെടികൾ, ഔഷധ സസ്യങ്ങൾ തുടങ്ങിയ വച്ചുപിടിപ്പിച്ചും ജില്ലാ ബ്ളോക്ക് പഞ്ചായത്തുകൾക്ക് പരിസ്ഥിതി സംരക്ഷണത്തെ സഹായിക്കാനാവും.

vii) ഗ്രാമതലത്തിലും സമാനതലങ്ങളിലും പ്രവർത്തിക്കുന്ന അസോസിയേഷനുകളുടെ അസോസിയേഷനുകൾ രൂപവൽക്കരിച്ചും അവയെ കൂട്ടിയിണക്കിയും ചെറു സംഘങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ, ലഘു സംരംഭങ്ങൾ എന്നിവയെ ശക്തവും സമ്പുഷ്ടവുമാക്കാൻ ബ്ളോക്ക് ജില്ലാ പഞ്ചായത്തുകൾക്ക് സാധിക്കും.

5.2.2.2.3 സർക്കാർ വകുപ്പുകളും ഏജൻസികളും

i) ജനങ്ങൾക്കവകാശപ്പെട്ട വിഭവങ്ങളുടെ ഉടമസ്ഥരും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും സർക്കാർ വകുപ്പുകളാണെന്ന സാമ്രാജ്യത്വ കാഴ്ചപ്പാടിന് അറുതിവരുത്താൻ കഴിയുമെന്ന് സർക്കാർ പ്രത്യാശിക്കുന്നു. സർക്കാർ വകുപ്പുകളും അവയുടെ വിവിധ തലത്തിലുള്ള സംവിധാനങ്ങളും ജനകീയ സംഘടനകളെയും പഞ്ചായത്തീരാജ് സ്ഥാപനങ്ങളെയും സേവിക്കുന്നതിനുള്ള ഉപാധികളാണ്.

ii) ജനങ്ങളെയും ജനകീയ പങ്കാളിത്തത്തെയും മുൻനിർത്തിയാണ് പരിസ്ഥിതി നയത്തിന് രൂപം നൽകിയിരിക്കുന്നത്. സർക്കാർ വകുപ്പുകളുടെ പൂർണ്ണസഹകരണം ജനകീയ സംഘടനകൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സർവ്വതലങ്ങളിലും നിലനിൽക്കുന്ന നിയമങ്ങളും നടപടിച്ചട്ടങ്ങളും യഥാസമയം യഥോചിതം പരിഷ്ക്കരിക്കാൻ സർക്കാർ നടപടിയെടുക്കും. പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കി എങ്ങനെ സാമ്പത്തിക വളർച്ച കൈവരിക്കാമെന്നതിനെക്കുറിച്ച് പഞ്ചായത്ത് രണ്ട് സ്ഥാപനങ്ങളെ ഉപദേശിക്കുന്നതിനുള്ള കൺസൾട്ടന്റുമാരും സാങ്കേതിക വിദഗ്ദ്ധരുമായി വകുപ്പ് ഓഫീസർമാർ സേവനമനുഷ്ഠിക്കും.

*(തുടരും)*

*കേരള സ്റ്റേറ്റ് ബയോ-ഡൈവേഴ്സിറ്റി ബോർഡ്,*
*പള്ളിമുക്ക്, പേട്ട പി.ഒ., തിരുവനന്തപുരം-24*